കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം ജനുവരി 2019



## പ്രൈസസ് വിഭാഗം

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

തിരുവനന്തപുരം

2019

കേരള സർക്കാർ

പിണറായി വിജയൻ

മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോൺ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോൺ 0471 2318406, 2314853
www.keralacm.gov.in

## അവതാരിക

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ അന്യ സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും, വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം — വി. രാമചന്ദ്രൻ

14/02/2019 — ഡയറക്ടർ ജനറൽ

# ആമുഖം

പുതുവർഷത്തിന്റെ ആരംഭ ഘട്ടത്തിൽ പൊതുവെ സമ്മിശ്രമായ പ്രതികരണമാണ് വിപണിയിൽ ദൃശ്യമായത്. കേരളത്തിലെ പൊതുവിപണി വിലയെ വിശകലനം ചെയ്യുമ്പോൾ ഏറ്റവും ആദ്യം പരിഗണിക്കേണ്ട ഇനം അരിയാണ്.അരിയുടെ വിലയിൽ പുതു വർഷത്തിൽ ശുഭസൂചനയാണു വിപണിയിൽ നിന്നും ലഭ്യമാവുന്നത് .നേർത്ത തോതിലാണെകിലും വിലക്കുറവ് പൊതു വിപണിയിൽ ദൃശ്യമായിരുന്നു .അടുത്ത മാസങ്ങളിലും ഈ നില തുടരുമെന്നുതന്നെയാണ് വിപണിയിൽ നിന്നുള്ള സൂചന .

സപ്ലൈകോയുടെ നെല്ല് സംഭരണം ലക്ഷ്യമിട്ട രീതിയിൽ നന്നായി പുരോഗമിക്കുന്നു എന്നാണ് റിപ്പോർട്ട് 31 /01 /2019 വരെയുള്ള റിപ്പോർട്ട് പ്രകാരം ഏതാണ്ട് 0.96 ലക്ഷം മെട്രിക് ടൺ നെല്ല് ഇതുവരെയായി സംഭരിച്ചിട്ടുണ്ട് . അഖിലേന്ത്യാടിസ്ഥാനത്തിൽ എഫ് സി ഐ യുടെ കണക്ക് പ്രകാരം ഏതാണ്ട് 496 ലക്ഷം മെട്രിക് ടൺ നെല്ല് ഇതുവരെയായി സംഭരിച്ചിട്ടുണ്ട് . കഴിഞ്ഞ വർഷം ഇതേ കാലയളവിൽ സംഭരിച്ചതിനേക്കാൾ റക്കോർഡ് നെല്ല് സംഭരണമാണ് ,കേരളത്തിലും അഖിലേന്ത്യാ തലത്തിലും ഈ വർഷം നടന്നുകൊണ്ടിരിക്കുന്നത് അതുകൊണ്ടുതന്നെ അടുത്ത മാസങ്ങളിൽ അരിയുടെ വിലവർദ്ധനവിനുള്ള സാധ്യത കാണുന്നില്ല.

അതേ സമയം കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം റാബി സീസണിൽ ഇന്ത്യയിലെ നെൽകൃഷിയുടെ കാർഷിക വിസ്തൃതിയിൽ കഴിഞ്ഞ വർഷം ഇതേ കാലയളവുമായുമായി താരതമ്യം ചെയ്യുമ്പോൾ 1.73 ലക്ഷം ഹെക്ടറിന്റെ കുറവ് കാണിക്കുന്നു.

പയർ വർഗ്ഗങ്ങളിൽ കഴിഞ്ഞ വർഷം ഇതേ കാലയളവിലുള്ളതിനേക്കാൾ കാർഷിക വിസ്തൃതിയിൽ 5.74 ശതമാനത്തിന്റെ കുറവ് കാണിക്കുന്നു .കടല (-10.02 %),തുവര (-1.72 %),ഉഴുന്ന്(-10.83 %),ചെറുപയർ (-6.12 %)എന്നിങ്ങനെയാണ് കാർഷിക വിസ്തൃതിയിലുള്ള കുറവ് .

കേന്ദ്ര കാർഷിക മന്ത്രാലയം ഹോർട്ടികൾച്ചർ വിളകളുടെ 2017 -18 ലെ ഫൈനൽ എസ്റ്റിമേറ്റും 2018 -19 ലെ ആദ്യ എസ്റ്റിമേറ്റും പ്രസിദ്ധീകരിച്ചു.ഇത് പ്രകാരം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു ഒരു ശതമാനം റെക്കോർഡ് ഉത്പാദനം ഹോർട്ടികൾച്ചർ വിളകളിൽ പ്രതീക്ഷിക്കുന്നു .2017 -18 ലെ ഫൈനൽ എസ്റ്റിമേറ്റ് പ്രകാരം ഉത്പാദനം 311 .7 ശതമാനമാണ്. ഇത് മുൻ വർഷത്തേക്കാൾ 3.7 ശതമാനം കൂടുതലാണ് . ഹോർട്ടികൾച്ചർ വിളകളുടെ കാർഷിക വിസ്തൃതി 2017 -18 ൽ 25.43 ആയിരുന്നത് 2018 -19 ആദ്യ എസ്റ്റിമേറ്റിൽ 25 .87 ആയി വർദ്ധിച്ചിട്ടുണ്ട് .

പയർ വർഗ്ഗങ്ങളിൽ മിക്ക ഇനങ്ങളിലും വിലക്കയറ്റത്തിനുള്ള പ്രവണത തുടർന്നുകൊണ്ടിരുന്നു.ചെറുപയർ , തുവരപ്പരിപ്പ്,പിസ് പരിപ്പ് എന്നിവയുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത കാണിച്ചു. നിലവിലുള്ള സ്ഥിതി കണക്കാക്കുമ്പോൾ പയർ വർഗ്ഗങ്ങൾക്ക് ഈ വർഷം കാര്യമായ വിലക്കുറവ് പ്രതീക്ഷിക്കുന്നില്ല.പതുക്കെ വിലക്കയറ്റത്തിനുള്ള ഒരു സാധ്യത പ്രകടമാണ് . വർഷം മധ്യത്തോടുകൂടി പയർ വർഗ്ഗങ്ങളിൽ ഒരു വർദ്ധനവിനുള്ള സാധ്യത കാണുന്നു,

ശബരിമല സീസണിൽ സാധാരണയായി തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ വർദ്ധനവ് ഉണ്ടാവാറുണ്ടെങ്കിലും ഇത്തവണ ശബരിമല സീസണിന്റെ അവസാന ഘട്ടത്തിലാണ് വർദ്ധനവ് ഉണ്ടായത് . മായം ചേർന്ന വെളിച്ചെണ്ണയ്ക്കെതിരെ സർക്കാർ സ്വീകരിച്ച കർശന നടപടിയും ,ശബരിമല സീസണുമാണ് ഇതിനു പ്രധാന കാരണം ശബരിമല സീസൺ കഴിഞ്ഞതോടെ വിപണിയിൽ തേങ്ങയുടെ ആവശ്യം കുറയുകയും കൊപ്രയുടെ ലഭ്യത വർദ്ധിക്കുകയും ചെയ്യുന്നതോടെ ഫെബ്രുവരി മധ്യത്തോടെ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കുറവ് വരാൻ സാധ്യതയുണ്ട്.

കേരളത്തിലെ പ്രധാനപ്പെട്ട രണ്ട് നാണ്യ വിളകളായ കുരുമുളക് ,തേയില എന്നിവയെ സംബന്ധിച്ചു തീരെ ശുഭകരമായ വാർത്തയല്ല വിപണിയിൽ നിന്നും ലഭ്യമാവുന്നത്.കുരുമുളകിന്റെ സീസൺ ആരംഭിച്ചിരിക്കെ വില അല്പം വർദ്ധിച്ചെങ്കിലും ഇറക്കുമതി കുരുമുളകിന്റെ ഭീഷണി നിലനിൽക്കുകയാണ് .അതോടൊപ്പം ഉത്തരേന്ത്യയിൽ നിന്നുള്ള ഡിമാന്റിന്റെ കുറവും ഒരു വിലക്കുറവിലേക്കുള്ള സൂചന നൽകുന്നു .കേരളത്തിൽ അടുത്ത കാലത്തുണ്ടായ കനത്ത ശൈത്യം തേയിലയുടെ ഉത്പാദനത്തെ കാര്യമായി ബാധിച്ചിട്ടുണ്ടെന്നാണ് വിപണി വൃത്തങ്ങൾ നൽകുന്ന സൂചന കൃഷിയിൽ കാര്യമായ നാശം സംഭവിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട് .

## I. ധാന്യങ്ങൾ

അരിയുടെ വിലയിൽ കഴിഞ്ഞ മാസങ്ങളിലെ പോലെത്തന്നെ കുറയുവാനുള്ള ഒരു പ്രവണതയാണ് വിപണിയിൽ നിന്നും ലഭ്യമായത് .ഏതാണ്ട് മിക്ക ഇനങ്ങളുടെയും വില 40 താഴെ എത്തി നിൽക്കുന്നു. കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ വിലയിൽ ഏതാണ്ട് പത്തു ശതമാനത്തോളം കുറവ് ദൃശ്യമാണ് .

സപ്ലൈകോയുടെ നെല്ല് സംഭരണം നല്ല രീതിയിൽ പുരോഗമിക്കുന്നു.31/01/2019 വരെയുള്ള റിപ്പോർട്ട് പ്രകാരം ഏതാണ്ട് 0.96 ലക്ഷം മെട്രിക് ടൺ നെല്ല് ഇതുവരെയായി സംഭരിച്ചിട്ടുണ്ട് .

വിപണിയിൽ ആവശ്യത്തിന് അരിയുടെ ലഭ്യത ഉള്ളതിനാലും നെല്ല് സംഭരണം നല്ല തോതിൽ പുരോഗമിക്കുന്നതിനാലും നിലവിലുള്ള സാഹചര്യത്തിൽ അടുത്ത മാസങ്ങളിൽ അരിയുടെ വിലയിൽ വർദ്ധനവിനുള്ള സാധ്യത ഇല്ല.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2018 | ഡിസംബർ 2018 | ജനുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 41.84 | 37.48 | 37.29 | -0.51 | -10.87 |
| 2 | ചമ്പ | കിലോഗ്രാം | 43.00 | 41.00 | 41.00 | 0.00 | -4.65 |
| 3 | റോസ് | കിലോഗ്രാം | 41.95 | 38.03 | 37.78 | -0.66 | -9.94 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 37.68 | 36.19 | 36.15 | -0.11 | -4.06 |
| 5 | ജയ | കിലോഗ്രാം | 39.52 | 35.67 | 35.52 | -0.41 | -10.12 |
| 6 | ഗോതമ്പ് | കിലോഗ്രാം | 32.00 | 34.65 | 34.67 | 0.06 | 8.35 |



## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളുടെ വില അവലോകന മാസമായ ജനുവരിയിൽ നേരിയൊരു വിലക്കയറ്റത്തോടെ ഏതാണ്ട് സ്ഥിരത നിലനിർത്തുന്നതാണ് വിപണിയിൽ ദൃശ്യമായത്. തുവരപ്പരിപ്പിന്റെ വിലയിൽ വർദ്ധനവിനുള്ള പ്രവണത കാണിച്ചു.ഇത് ഫെബ്രുവരിയിലും തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.ചെറുപയറിന്റെ വില ഏതാണ്ട് സ്ഥിരത നിലനിർത്തി അടുത്ത മാസത്തിലും ഈ പ്രവണത തുടരാനാണ് സാധ്യത.കടല,ഉഴുന്ന് എന്നിവയുടെ വില നേരിയൊരു കുറവോടെ സ്ഥിരത നില നിർത്താൻ ഇടയുണ്ട് . .

അതേ സമയം കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം റാബി സീസണിൽ പയർ വർഗ്ഗങ്ങളുടെ കാർഷിക വിസ്തൃതിയിൽ കഴിഞ്ഞ വർഷം ഇതേ കാലയളവുമായുമായി താരതമ്യം ചെയ്യുമ്പോൾ 5.74 % ശതമാനത്തിന്റെ കുറവ് കാണിക്കുന്നു .

ഈ വർഷം പയർ വർഗ്ഗങ്ങളുടെ വിലയിൽ കാര്യമായ കുറവ് പ്രതീക്ഷിക്കുന്നില്ല ഏപ്രിൽ മധ്യത്തോടെ പയർ വർഗ്ഗങ്ങളുടെ വിലയിൽ വർദ്ധനവിനുള്ള സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2018 | ഡിസംബർ 2018 | ജനുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 84.79 | 86.89 | 87.64 | 0.86 | 3.36 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 89.38 | 90.07 | 90.38 | 0.34 | 1.12 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 92.20 | 89.15 | 89.33 | 0.20 | -3.11 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 84.45 | 88.55 | 88.48 | -0.08 | 4.77 |
| 5 | വൻപയർ | കിലോഗ്രാം | 71.91 | 69.43 | 70.00 | 0.82 | -2.66 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 84.41 | 84.96 | 85.86 | 1.06 | 1.72 |
| 7 | കടല(വലുത്) | കിലോഗ്രാം | 89.52 | 77.25 | 76.86 | -0.50 | -14.14 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 73.83 | 71.75 | 72.00 | 0.35 | -2.48 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 41.48 | 64.38 | 65.04 | 1.03 | 56.80 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 71.35 | 71.79 | 71.63 | -0.21 | 0.40 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസമായ ജനുവരിയിൽ ഏതാണ്ട് സമ്മിശ്രമായ ഒരു പ്രവണതയാണ് ഈ ഇനത്തിൽ ദൃശ്യമായത് . ഇറച്ചിക്കോഴിയുടെയും കോഴിമുട്ടയുടെയും വിലയിൽ വർദ്ധനവ് ദൃശ്യമായിരുന്നു .ഫെബ്രുവരി അവസാനത്തോടെ കോഴിമുട്ടയുടെ വിലയിൽ കുറവുണ്ടാവുമെന്നാണ് വിപണിയിൽ നിന്നുള്ള സൂചന .ഇറച്ചിക്കോഴിയുടെ വിലയിൽ മാസാവസാനം ചെറിയൊരു കുറവ് ദൃശ്യമായെങ്കിലും വീണ്ടും വർദ്ധനവിനുള്ള സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുള്ള വിവരം.

പഞ്ചസാരയുടെ വിലയിൽ ചെറിയൊരു കുറവോടെ സ്ഥിരമായി നിലകൊണ്ടു ഫെബ്രുവരിയിലും വർദ്ധനവിനുള്ള സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്നുള്ള സൂചന കേരളത്തിലെ വിപണിയിൽ ലഭിക്കുന്ന കരുപ്പെട്ടിയിൽ വ്യാപകമായ തോതിൽ മായം കലർന്നിട്ടുണ്ടെന്നുള്ള വിവരത്തെ തുടർന്ന് വിപണിയിൽ പരിശോധന നടക്കുകയും പിടിച്ചെടുക്കുകയും ചെയ്തു. ഇതേ തുടർന്ന് മാസം മധ്യത്തിൽ വില ഉയർന്നെങ്കിലും പിന്നീട് വിലസ്ഥിരത തുടർന്നു.

തേയിലയുടെ വിലയിൽ മാസാവസാനം ചെറിയൊരു വർദ്ധനവ് ദൃശ്യമായിരുന്നു.കേരളത്തിലെ കനത്ത തണുപ്പും മഞ്ഞും തേയില കൃഷിയിൽ വ്യാപകമായ നാശം വരുത്തിയിട്ടുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട്. ഇത് ഉല്പാദനത്തിൽ കാര്യമായ കുറവിന്റക്കാൻ ഇടയുണ്ട്.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2018 | ഡിസംബർ 2018 | ജനുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 39.09 | 36.97 | 36.67 | -0.81 | -6.19 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 140.29 | 152.23 | 152.88 | 0.43 | 8.97 |
| 3 | ശർക്കര | കിലോഗ്രാം | 55.77 | 53.88 | 53.34 | -1.00 | -4.36 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.87 | 58.04 | 58.57 | 0.91 | 6.74 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 520.71 | 553.10 | 557.14 | 0.73 | 7.00 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 106.00 | 107.38 | 108.98 | 1.49 | 2.81 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.86 | 145.79 | 146.84 | 0.72 | -0.69 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 160.69 | 161.62 | 161.62 | 0.00 | 0.58 |



## IV. എണ്ണയും എണ്ണക്കുരുക്കളും

അവലോകനമാസമായ ജനുവരിയിൽ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കാര്യമായ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടു.സാധാരണയായി എല്ലാ വർഷങ്ങളിലും ശബരിമല സീസണിൽ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ വർദ്ധനവ് ഉണ്ടാവാറുണ്ടെങ്കിലും ഈ വർഷം സീസണിന്റെ അവസാന ഘട്ടത്തിലാണ് വർദ്ധനവ് ഉണ്ടായിരിക്കുന്നത്. തമിഴ്നാട്ടിൽ നിന്നുള്ള തേങ്ങയുടെയും കൊപ്രയുടെയും വരവ് കുറഞ്ഞതും ആവശ്യകത വർദ്ധിച്ചതും വില വർദ്ധനവിന് കാരണമായി ഇതോടൊപ്പം മായം ചേർന്ന വെളിച്ചെണ്ണയ്ക്കെതിരെ നടപടി ശക്തമാക്കിയതും വിലവർദ്ധനവിനു കാരണമായി,മാസാവസാനം വെളിച്ചെണ്ണ വില സ്ഥിരമായി നിൽക്കുകയാണെങ്കിലും തേങ്ങയുടെ വിലയിൽ കുറവ് ദൃശ്യമാണ്,

ശബരിമല സീസൺ അവസാനിച്ചതോടെ കൊപ്രയുടെ വരവ് വർദ്ധിക്കുന്നതിനും അതുവഴി ഫെബ്രുവരി പകുതിയോടുകൂടി തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കുറവുണ്ടാവാനും സാധ്യതയുണ്ട്.

ഏതാണ്ട് എല്ലാ ഇനം എണ്ണകളുടെയും വിലയിൽ അവലോകന മാസത്തിൽ വർദ്ധനവ് ദൃശ്യമായിരുന്നു,

| നം | ഇനങ്ങൾ | അളവ് | ജനുവരി 2018 | ഡിസംബർ 2018 | ജനുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | **220.39** | **182.27** | **200.59** | **10.05** | **-8.98** |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | **142.94** | **155.75** | **156.13** | **0.24** | **9.23** |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | **90.54** | **97.08** | **97.29** | **0.22** | **7.46** |
| 4 | നല്ലെണ്ണ | ലിററർ | **152.43** | **207.30** | **218.89** | **5.59** | **43.60** |
| 5 | കടുക് എണ്ണ | ലിററർ | **140.40** | **139.40** | **139.40** | **0.00** | **-0.71** |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | **92.75** | **97.54** | **98.09** | **0.56** | **5.76** |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | **90.00** | **98.23** | **97.92** | **-0.31** | **8.80** |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | **243.41** | **193.07** | **212.43** | **10.03** | **-12.73** |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

കുരുമുളകിന്റെ വിളവെടുപ്പ് സീസണിൽ മാസാരംഭത്തിൽ കുറഞ്ഞ വില, മാസാവസാനം ഉത്തരേന്ത്യയിൽ നിന്നുള്ള ഡിമാന്റ് വർദ്ധിച്ചതും ഉത്പാദനം കുറഞ്ഞതും കാരണം വിലയിൽ അല്പം വർദ്ധനവ് രേഖപ്പെടുത്തിയെങ്കിലും ഇറക്കുമതിക്കുരുമുളകിന്റെ വരവോടുകൂടി വില വീണ്ടും കുറയുവാനുള്ള സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന. കാലാവർഷകെടുത്തി കാരണം ഈ വർഷം കുരുമുളക് കൃഷിയിൽ വ്യാപകമായ കൃഷി നാശം സംഭവിച്ചിട്ടുണ്ട് , ഇത് ഉല്പാദനത്തിൽ കാര്യമായ കുറവുണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.ഇത് കാരണം വിലത്തകർച്ച ഉണ്ടാവില്ലെന്ന് കർഷകർ പ്രതീക്ഷിക്കുന്നുണ്ടെങ്കിലും ഉത്തരേന്ത്യൻ വിപണിയിൽ ഇറക്കുമതി കുരുമുളക് വ്യാപകമാവുന്നത് ഈ പ്രതീക്ഷയെ തകിടം മറിച്ചേക്കാം.ഇറക്കുമതിക്കെതിരെ കേന്ദ്ര സർക്കാർ കാര്യമായി എന്തെങ്കിലും നടപടി കൈക്കൊണ്ടില്ലെങ്കിൽ ഈ വിളവെടുപ്പ് സീസണിലും കർഷകർക്ക് നിരാശ മാത്രമാവും ഫലം.

ഉള്ളി മുളക് എന്നിവയുടെ വിലയിൽ മാസാരംഭത്തിൽ വർദ്ധനവ് ഉണ്ടായെങ്കിലും മാസാവസാനം വിലക്കുറവിനുള്ള പ്രവണത ശ്രദ്ധയിൽപ്പെട്ടു ,ഫെബ്രുവരിയിലും ഈ കുറവ് തുടരാൻ ഇടയുണ്ട്

.ഏറ്റവും കൂടുതൽ മുളക് ഉല്പാദിപ്പിക്കുന്ന ആന്ധ്രപ്രദേശിലെ ഗുണ്ടൂർ മാർക്കറ്റിൽ ജനുവരിമാസത്തിൽ കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഉള്ളതിനേക്കാൾ 19 ശതമാനം കൂടുതൽ മുളകിന്റെ ലഭ്യത റിപ്പോർട്ട് ചെയ്തതായാണ് വിപണിയിൽ നിന്നുള്ള വിവരം ഇത് വില കുറയുന്നതിന് കരണമാവുമെന്നാണ് വിപണിയിൽ നിന്നുള്ള പ്രതീക്ഷ.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2018 | ഡിസംബർ 2018 | ജനുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 90.04 | 90.54 | 91.04 | 0.55 | 1.11 |
| 2 | മുളക് | കിലോഗ്രാം | 99.88 | 127.80 | 128.25 | 0.35 | 28.40 |
| 3 | ഉള്ളി | കിലോഗ്രാം | 74.43 | 45.77 | 43.05 | -5.94 | -42.16 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 164.55 | 165.89 | 164.11 | -1.07 | -0.27 |
| 5 | ജീരകം | 100 ഗ്രാം | 29.52 | 29.61 | 29.70 | 0.30 | 0.61 |
| 6 | കടുക് | 100 ഗ്രാം | 8.95 | 9.21 | 9.17 | -0.43 | 2.46 |
| 7 | ഉലുവ | 100 ഗ്രാം | 9.16 | 9.52 | 9.48 | -0.42 | 3.49 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.18 | 18.46 | 18.61 | 0.81 | 2.37 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 8.26 | 6.29 | 6.11 | -2.86 | -26.03 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 531.03 | 452.77 | 441.06 | -2.59 | -16.94 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസമായ ജനുവരിയിൽ കിഴങ്ങുവർഗ്ഗങ്ങളിൽ കാരറ്റ്,മരച്ചീനി എന്നിവ ഒഴികെയുള്ള ഇനങ്ങളിൽ വിലവർദ്ധനവ് അനുഭവപ്പെട്ടു, കാരറ്റിന് ഈ കാലയളവിൽ ഏതാണ്ട് പത്തു ശതമാനത്തോളം വിലക്കുറവ് ശ്രദ്ധയിൽപ്പെട്ടു .അതെ സമയം ചേമ്പിന്റെ വിലയിൽ ഏതാണ്ട് അഞ്ച് ശതമാനത്തിന്റെ അഞ്ച് ശതമാനത്തിലധികം വില വർദ്ധനവുണ്ടായി.

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ട ഹോർട്ടികൾച്ചർ വിളകളുടെ 2018-19 സീസണിലെ ആദ്യ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കിഴങ്ങു വർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ ഏതാണ്ട് എല്ലാ ഇനങ്ങളിലും വർദ്ധനവിനെ സൂചനയാണ് നൽകുന്നത്

| നം | ഇനങ്ങൾ | അളവ് | ജനുവരി 2018 | ഡിസംബർ 2018 | ജനുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 37.54 | 33.29 | 33.45 | 0.48 | -10.90 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 21.34 | 27.06 | 26.58 | -1.77 | 24.55 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 24.39 | 29.91 | 30.25 | 1.14 | 24.03 |
| 4 | ചേമ്പ് | കിലോഗ്രാം | 45.57 | 55.36 | 58.32 | 5.35 | 27.98 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 32.07 | 36.05 | 36.18 | 0.36 | 12.82 |
| 6 | കാരററ് | കിലോഗ്രാം | 57.41 | 45.45 | 41.11 | -9.55 | -28.39 |



## VII. പച്ചക്കറി ഇനങ്ങൾ

അവലോകനമാസമായ ജനുവരിയിൽ സവാള ഒഴികെയുള്ള എല്ലാ ഇനങ്ങൾക്കും പൊതുവിപണിയിൽ വിലക്കയറ്റം ദൃശ്യമായിരുന്നു തക്കാളിയുടെ വിലയിൽ കഴിഞ്ഞ മാസത്തെ അപേക്ഷിച്ചു ഏകദേശം അമ്പത് ശതമാനത്തോളം വർദ്ധനവ് രേഖപ്പെടുത്തി .വെണ്ടയ്ക്ക 43 ശതമാനം,വള്ളിപ്പയർ 11 ശതമാനം ,പച്ചമുളക് 17 ശതമാനം ,കാബേജ് ,പാവയ്ക്ക 10 ശതമാനം എന്നിവയാണ് കാര്യമായ വർദ്ധനവുണ്ടായ ഇനങ്ങൾ .എന്നാൽ ഏതാണ്ട് എല്ലാ പച്ചക്കറികളിലും മാസാവസാനം വിലക്കുറവിനുള്ള ഒരു പ്രവണതയാണ് ശ്രദ്ധയിൽപ്പെട്ടത്.ഫെബ്രുവരിയിൽ സവാള ,തക്കാളി ,എന്നിവയുടെ വിലയിൽ കുറവുണ്ടാവും മാറ്റിനങ്ങൾ ഏറ്റക്കുറച്ചിലുകളോടെ നിലകൊള്ളാനിടയുണ്ടെന്നാണ് വിപണിയിൽ നിന്നും നിലവിൽ ലഭിക്കുന്ന സൂചന.

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ട ഹോർട്ടികൾച്ചർ വിളകളുടെ 2018 -19 സീസണിലെ ആദ്യ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പച്ചക്കറി ഇനങ്ങളിൽ ശുഭസൂചനയാണുള്ളത് .ഏതാണ്ട് എല്ലാ പച്ചക്കറി ഇനങ്ങളുടെയും ഉല്പാദനത്തിൽ വർദ്ധനവ് സൂചിപ്പിക്കുന്നു,

| നം | ഇനങ്ങൾ | അളവ് | ജനുവരി 2018 | ഡിസംബർ 2018 | ജനുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 46.73 | 18.75 | 18.41 | -1.81 | -60.60 |
| 2 | വഴുതന | കിലോഗ്രാം | 29.89 | 33.68 | 35.61 | 5.73 | 19.14 |
| 3 | മത്തങ്ങ | കിലോഗ്രാം | 18.68 | 18.43 | 18.64 | 1.14 | -0.21 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 18.29 | 20.52 | 20.79 | 1.32 | 13.67 |
| 5 | വെണ്ടക്ക | കിലോഗ്രാം | 31.09 | 32.98 | 47.27 | 43.33 | 52.04 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 30.59 | 45.18 | 48.29 | 6.88 | 57.86 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 41.04 | 42.45 | 47.14 | 11.05 | 14.86 |
| 8 | കാബേജ് | കിലോഗ്രാം | 26.68 | 25.16 | 27.57 | 9.58 | 3.34 |
| 9 | പാവയ്ക്ക | കിലോഗ്രാം | 43.59 | 42.68 | 46.55 | 9.07 | 6.79 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 19.86 | 21.13 | 22.25 | 5.30 | 12.03 |
| 11 | പടവലങ്ങ | കിലോഗ്രാം | 28.96 | 29.98 | 31.27 | 4.30 | 7.98 |
| 12 | തക്കാളി | കിലോഗ്രാം | 16.73 | 25.21 | 37.84 | 50.10 | 126.18 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.27 | 4.69 | 5.47 | 16.63 | 28.10 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 36.73 | 43.54 | 44.41 | 2.00 | 20.91 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 37.75 | 31.14 | 32.13 | 3.18 | -14.89 |



## VIII.പഴവർഗ്ഗങ്ങൾ

പഴവർഗ്ഗങ്ങളിൽ ഏതാണ്ട് സമ്മിശ്രമായ ഒരു പ്രവണതയാണ് അവലോകനമാസമായ ജനുവരിയിൽ ശ്രദ്ധയിൽപ്പെട്ടത് ഓറഞ്ച് സീസൺ ഏതാണ്ട് അവസാനിച്ചതോടെ വിലയിലും വർദ്ധനവ് രേഖപ്പെടുത്തി , നിലവിൽ തണ്ണിമത്തൻ,പൈനാപ്പിൾ എന്നിവയുടെ സീസൺ ആരംഭിച്ചിരിക്കുകയാണ് ,കേരളത്തിൽ മാങ്ങയുടെ സീസൺ ഏതാണ്ട് ആരംഭദശയിലാണ് .

ഓറഞ്ച്, മുസമ്പി,ആപ്പിൾ, ഏത്തപ്പഴം ,വാഴപ്പഴം എന്നിവയുടെ വിലയിൽ അവലോകനമാസത്തിൽ വർദ്ധനവ് രേഖപ്പെടുത്തി .അതേ സമയം തണ്ണിമത്തൻ, മുന്തിരി എന്നിവയുടെ വിലയിൽ കുറവ് രേഖപ്പെടുത്തി .

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ട ഹോർട്ടികൾച്ചർ വിളകളുടെ 2018 -19 സീസണിലെ ആദ്യ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പഴവർഗ്ഗങ്ങളും മൊത്തം ഉല്പാദനത്തിൽ നേരിയൊരു കുറവ് സൂചിപ്പിക്കുന്നു. ആപ്പിൾ മുന്തിരി ,മാങ്ങ, എന്നിവയുടെ ഉല്പാദനത്തിൽ വർദ്ധനവ് സൂചിപ്പിക്കുമ്പോൾ ഓറഞ്ച്,ഏത്തപ്പഴം,തണ്ണിമത്തൻ എന്നിവയുടെ ഉല്പാദനത്തിൽ കുറവ് പ്രതീക്ഷിക്കുന്നു

| നം | ഇനങ്ങൾ | അളവ് | ജനുവരി 2018 | ഡിസംബർ 2018 | ജനുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 78.75 | 58.41 | 64.62 | 10.63 | -17.95 |
| 2 | മുസമ്പി | കിലോഗ്രാം | 59.33 | 62.79 | 67.02 | 6.74 | 12.97 |
| 3 | മാതളം | കിലോഗ്രാം | 94.06 | 90.94 | 91.25 | 0.34 | -2.99 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 114.29 | 110.42 | 127.08 | 15.09 | 11.20 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 41.40 | 51.91 | 53.14 | 2.36 | 28.36 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 37.61 | 30.55 | 31.66 | 3.62 | -15.81 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 59.23 | 47.89 | 46.41 | -3.09 | -21.65 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 53.37 | 47.44 | 47.33 | -0.22 | -11.30 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 32.88 | 27.63 | 28.08 | 1.64 | -14.59 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 95.00 | 107.78 | 110.48 | 2.50 | 16.29 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 21.32 | 20.89 | 18.41 | -11.88 | -13.65 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 77.50 | 79.09 | 73.04 | -7.66 | -5.76 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 59.00 | 67.05 | 62.95 | -6.10 | 6.70 |



## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകനമാസമായ ജനുവരിയിൽ സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ കുറവ് ദൃശ്യമായിരുന്നു എന്നാൽ മാസാവസാനം സിമന്റിനു വില വർദ്ധിപ്പിക്കാനുള്ള തീരുമാനവുമായി സിമന്റ് കമ്പനികൾ മുന്നോട്ടു പോവുന്നതാണ് കണ്ടത് .ഇത് നിലവിൽ നോട്ട് നിരോധനവും പ്രളയവും കാരണം മാന്ദ്യത്തിലായ നിർമ്മാണമേഖലയെ കൂടുതൽ തകർച്ചയിലേക്ക് നയിക്കുന്നതിന് കാരണമാവും.

അവലോകനമാസത്തിൽ 400 രൂപയിൽ താഴെ നിൽക്കുന്ന സിമന്റിന്റെ വില ഫെബ്രുവരി മാസത്തോടെ 410-420 രുപയാവാൻ സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന

| നം | ഇനങ്ങൾ | അളവ് | ജനുവരി 2018 | ഡിസംബർ 2018 | ജനുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 19.86 | 20.00 | 20.00 | 0.00 | 0.70 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.29 | 28.76 | 29.13 | 1.29 | 6.74 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 507.14 | 486.67 | 486.67 | 0.00 | -4.04 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 391.46 | 391.19 | 385.36 | -1.49 | -1.56 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 386.46 | 386.19 | 380.18 | -1.56 | -1.63 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 49.95 | 54.95 | 54.35 | -1.09 | 8.81 |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | ജനുവരി 2018 | ഡിസംബർ 2018 | ജനുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 41.84 | 37.48 | 37.29 | -0.51 | -10.87 |
| 2 | ചമ്പ | കിലോഗ്രാം | 43.00 | 41.00 | 41.00 | 0.00 | -4.65 |
| 3 | റോസ് | കിലോഗ്രാം | 41.95 | 38.03 | 37.78 | -0.66 | -9.94 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 37.68 | 36.19 | 36.15 | -0.11 | -4.06 |
| 5 | ജയ | കിലോഗ്രാം | 39.52 | 35.67 | 35.52 | -0.41 | -10.12 |
| 6 | ഗോതമ്പ് | കിലോഗ്രാം | 32.00 | 34.65 | 34.67 | 0.06 | 8.35 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 84.79 | 86.89 | 87.64 | 0.86 | 3.36 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 89.38 | 90.07 | 90.38 | 0.34 | 1.12 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 92.20 | 89.15 | 89.33 | 0.20 | -3.11 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 84.45 | 88.55 | 88.48 | -0.08 | 4.77 |
| 5 | വൻപയർ | കിലോഗ്രാം | 71.91 | 69.43 | 70.00 | 0.82 | -2.66 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 84.41 | 84.96 | 85.86 | 1.06 | 1.72 |
| 7 | കടല(വലുത്) | കിലോഗ്രാം | 89.52 | 77.25 | 76.86 | -0.50 | -14.14 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 73.83 | 71.75 | 72.00 | 0.35 | -2.48 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 41.48 | 64.38 | 65.04 | 1.03 | 56.80 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 71.35 | 71.79 | 71.63 | -0.21 | 0.40 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 39.09 | 36.97 | 36.67 | -0.81 | -6.19 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 140.29 | 152.23 | 152.88 | 0.43 | 8.97 |
| 3 | ശർക്കര | കിലോഗ്രാം | 55.77 | 53.88 | 53.34 | -1.00 | -4.36 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.87 | 58.04 | 58.57 | 0.91 | 6.74 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 520.71 | 553.10 | 557.14 | 0.73 | 7.00 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ള ത്) | കിലോഗ്രാം | 106.00 | 107.38 | 108.98 | 1.49 | 2.81 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.86 | 145.79 | 146.84 | 0.72 | -0.69 |
| 8 | കാപ്പിപൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 160.69 | 161.62 | 161.62 | 0.00 | 0.58 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 220.39 | 182.27 | 200.59 | 10.05 | -8.98 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 142.94 | 155.75 | 156.13 | 0.24 | 9.23 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 90.54 | 97.08 | 97.29 | 0.22 | 7.46 |
| 4 | നല്ലെണ്ണ | ലിററർ | 152.43 | 207.30 | 218.89 | 5.59 | 43.60 |
| 5 | കടുക് എണ്ണ | ലിററർ | 140.40 | 139.40 | 139.40 | 0.00 | -0.71 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 92.75 | 97.54 | 98.09 | 0.56 | 5.76 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 90.00 | 98.23 | 97.92 | -0.31 | 8.80 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 243.41 | 193.07 | 212.43 | 10.03 | -12.73 |

| നം | ഇനങ്ങൾ | അളവ് | ജനുവരി 2018 | ഡിസംബർ 2018 | ജനുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 90.04 | 90.54 | 91.04 | 0.55 | 1.11 |
| 2 | മുളക് | കിലോഗ്രാം | 99.88 | 127.80 | 128.25 | 0.35 | 28.40 |
| 3 | ഉള്ളി | കിലോഗ്രാം | 74.43 | 45.77 | 43.05 | -5.94 | -42.16 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 164.55 | 165.89 | 164.11 | -1.07 | -0.27 |
| 5 | ജീരകം | 100 ഗ്രാം | 29.52 | 29.61 | 29.70 | 0.30 | 0.61 |
| 6 | കടുക് | 100 ഗ്രാം | 8.95 | 9.21 | 9.17 | -0.43 | 2.46 |
| 7 | ഉലുവ | 100 ഗ്രാം | 9.16 | 9.52 | 9.48 | -0.42 | 3.49 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.18 | 18.46 | 18.61 | 0.81 | 2.37 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 8.26 | 6.29 | 6.11 | -2.86 | -26.03 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 531.03 | 452.77 | 441.06 | -2.59 | -16.94 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 37.54 | 33.29 | 33.45 | 0.48 | -10.90 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 21.34 | 27.06 | 26.58 | -1.77 | 24.55 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 24.39 | 29.91 | 30.25 | 1.14 | 24.03 |
| 4 | ചേമ്പ് | കിലോഗ്രാം | 45.57 | 55.36 | 58.32 | 5.35 | 27.98 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 32.07 | 36.05 | 36.18 | 0.36 | 12.82 |
| 6 | കാരററ് | കിലോഗ്രാം | 57.41 | 45.45 | 41.11 | -9.55 | -28.39 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 46.73 | 18.75 | 18.41 | -1.81 | -60.60 |
| 2 | വഴുതന | കിലോഗ്രാം | 29.89 | 33.68 | 35.61 | 5.73 | 19.14 |
| 3 | മത്തങ്ങ | കിലോഗ്രാം | 18.68 | 18.43 | 18.64 | 1.14 | -0.21 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 18.29 | 20.52 | 20.79 | 1.32 | 13.67 |
| 5 | വെണ്ടക്ക | കിലോഗ്രാം | 31.09 | 32.98 | 47.27 | 43.33 | 52.04 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 30.59 | 45.18 | 48.29 | 6.88 | 57.86 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 41.04 | 42.45 | 47.14 | 11.05 | 14.86 |
| 8 | കാബേജ് | കിലോഗ്രാം | 26.68 | 25.16 | 27.57 | 9.58 | 3.34 |
| 9 | പാവയ്ക്ക | കിലോഗ്രാം | 43.59 | 42.68 | 46.55 | 9.07 | 6.79 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 19.86 | 21.13 | 22.25 | 5.30 | 12.03 |
| 11 | പടവലങ്ങ | കിലോഗ്രാം | 28.96 | 29.98 | 31.27 | 4.30 | 7.98 |
| 12 | തക്കാളി | കിലോഗ്രാം | 16.73 | 25.21 | 37.84 | 50.10 | 126.18 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.27 | 4.69 | 5.47 | 16.63 | 28.10 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 36.73 | 43.54 | 44.41 | 2.00 | 20.91 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 37.75 | 31.14 | 32.13 | 3.18 | -14.89 |

| നം | ഇനങ്ങൾ | അളവ് | ജനുവരി 2018 | ഡിസംബർ 2018 | ജനുവരി 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 78.75 | 58.41 | 64.62 | 10.63 | -17.95 |
| 2 | മുസമ്പി | കിലോഗ്രാം | 59.33 | 62.79 | 67.02 | 6.74 | 12.97 |
| 3 | മാതളം | കിലോഗ്രാം | 94.06 | 90.94 | 91.25 | 0.34 | -2.99 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 114.29 | 110.42 | 127.08 | 15.09 | 11.20 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 41.40 | 51.91 | 53.14 | 2.36 | 28.36 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 37.61 | 30.55 | 31.66 | 3.62 | -15.81 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 59.23 | 47.89 | 46.41 | -3.09 | -21.65 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 53.37 | 47.44 | 47.33 | -0.22 | -11.30 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 32.88 | 27.63 | 28.08 | 1.64 | -14.59 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 95.00 | 107.78 | 110.48 | 2.50 | 16.29 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 21.32 | 20.89 | 18.41 | -11.88 | -13.65 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 77.50 | 79.09 | 73.04 | -7.66 | -5.76 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 59.00 | 67.05 | 62.95 | -6.10 | 6.70 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 19.86 | 20.00 | 20.00 | 0.00 | 0.70 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.29 | 28.76 | 29.13 | 1.29 | 6.74 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 507.14 | 486.67 | 486.67 | 0.00 | -4.04 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 391.46 | 391.19 | 385.36 | -1.49 | -1.56 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 386.46 | 386.19 | 380.18 | -1.56 | -1.63 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 49.95 | 54.95 | 54.35 | -1.09 | 8.81 |